**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 494** **08-11-2021 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക സ്ഥിതിയിൽ പ്രകൃതി ദുരന്തം ഏൽപ്പിച്ച ആഘാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.വി.സുമേഷ് | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ അപ്രതീക്ഷിത പ്രകൃതി ദുരന്തം ഏൽപ്പിച്ച ആഘാതം അതിജീവിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (എ) | തുടർച്ചയായുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതിലുപരിയായി കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ എടുത്ത അശാസ്ത്രീയമായ മാനദണ്ഡങ്ങൾ, നീതിപൂർവ്വം അല്ലാത്ത ജി.എസ്.ടി. നിരക്കിൽ ഉള്ള മാറ്റങ്ങൾ, സംസ്ഥാനവുമായി പങ്കിടാത്ത പെട്രോൾ, ഡീസൽ നികുതിയിലുള്ള വർദ്ധനവ് തുടങ്ങിയവയും ഈ പ്രതിസന്ധിക്ക് ആക്കം കൂട്ടി. ഈ പ്രതിസന്ധി കണക്കിലെടുത്ത് ആയത് നേരിടുന്നതിന് സർക്കാർ ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള നടപടികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. 1. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നു വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | രണ്ടാം കോവിഡ് പാക്കേജ് ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ വ്യാപാരികളെയും കൃഷിക്കാരെയും വ്യവസായികളെയും കൂടി പ്രത്യേകം പരിഗണിച്ച് അനുബന്ധ പാക്കേജും പ്രഖ്യാപിച്ചിട്ടുണ്ട്. 2. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി. 3. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ബൃഹദ്പദ്ധതി. 4. തീരദേശ മേഖലയിൽ പ്രഖ്യാപിച്ച ഏതാണ്ട് 11,000 കോടി രൂപയുടെ വികസന പദ്ധതികൾ. 5. 50 കോടി രൂപയുടെ റബ്ബർ സബ്സിഡി. 6. മത്സ്യ സംസ്കരണത്തിനും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനുമുതകുന്ന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി. 7. കുടുംബശ്രീ വഴിയുള്ള വിവിധയിനം സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള ഉയർന്ന ബജറ്റ് വിഹിതം. മേൽ പ്രവർത്തികളോടൊപ്പം നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നി നിന്നുകൊണ്ടുള്ള പൊതുചെലവഴിക്കൽ നയവും സ്വീകരിച്ചുപോരുന്നു. |

സെക്ഷൻ ഓഫീസർ